*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

124th Issue - Volume 4, No. 5 | ജാഗ്രത | 11th February 2010


**"I pray for the injured, for the homeless and for everyone who has tragically lost their life"**

Pope Benedict XVI

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil MST



## പ്രധാനവാർത്തകൾ

മൂല്യങ്ങളെ തച്ചുടയ്ക്കുന്ന മാധ്യമസംസ്കാരം: മാർ ആൻഡ്രൂസ് താഴത്ത്

വിദ്യാഭ്യാസമേഖല കൈക്കലാക്കാൻ സർക്കാർ ശ്രമിക്കുന്നു: മാർ ജോസഫ് പവ്വത്തിൽ

മതാചാരങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ശ്രമം മതങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള നീക്കം: ആർച്ച് ബിഷപ്പ് സൂസപാക്യം

സ്ത്രീകൾ രാഷ്ട്രീയ ശാക്തീകരണം നേടണം: ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ

പൈതൃക സംരക്ഷണ ബോധമുള്ള തലമുറകൾ ഉണ്ടാകണം: മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ

നിയമനം: സർക്കാർ നിബന്ധനകൾക്കെതിരേ എയ്ഡഡ് സ്കൂൾ മാനേജർമാർ പ്രക്ഷോഭത്തിന്

ജൈവ കൃഷിരീതി കാലഘട്ടത്തിന്റെ ആവശ്യം: മാർ മാത്യു അറയ്ക്കൽ

## മൂല്യങ്ങളെ തച്ചുടയ്ക്കുന്ന മാധ്യമസംസ്കാരം: മാർ ആൻഡ്രൂസ് താഴത്ത്

വിശ്വാസമൂല്യങ്ങളെ തച്ചുടയ്ക്കുന്ന മാധ്യമ സംസ്കാരം വ്യാപിക്കുന്നുവെന്ന് കെസിബിസി ജനറൽ സെക്രട്ടറിയും തൃശൂർ ആർച്ച്ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത്. പാലാരിവട്ടം പിഒസിയിൽ ആരംഭിച്ച ആഗോള കത്തോലിക്കാ ദൃശ്യ-ശ്രാവ്യ മാധ്യമപ്രവർത്തകരുടെ സംഘടനയായ സിഗ്നിസിന്റെ ഇന്ത്യൻ വിഭാഗത്തിന്റെ ദേശീയ അസംബ്ലിയും സെമിനാറും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാധ്യമങ്ങൾ തങ്ങളുടെ കാഴ്ചക്കാരുടെയും വായനക്കാരുടെയും എണ്ണം വർധിപ്പിക്കുന്നതിനായി പരമ്പരാഗത വിശ്വാസങ്ങളെയും മൂല്യങ്ങളെയും സംസ്കാരത്തെയും കാറ്റിൽപ്പറത്തുന്നു. കുടുംബ ബന്ധങ്ങളെ തള്ളിപ്പറയുകയും വിവാഹേതര ബന്ധങ്ങൾക്കും അക്രമങ്ങൾക്കും അനാചാരങ്ങൾക്കും പ്രാധാന്യം നല്കുകയും ചെയ്യുന്നു. മാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം കണ്ടറിഞ്ഞ് രാഷ്ട്രീയ പാർട്ടികൾ പോലും തങ്ങളുടെ അജൻഡ നടപ്പാക്കുന്നതിനായി ചാനലുകൾ തുടങ്ങുന്നു. വ്യവസായം മാത്രം ലക്ഷ്യം വച്ചുകൊണ്ട് വൻകിട ബിസിനസുകാരും ഈ രംഗത്തേക്കു കടന്നു കയറിയിരിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കത്തോലിക്കാ മാധ്യമ പ്രവർത്തകർക്ക് സത്യവിശ്വാസങ്ങൾ ജനങ്ങളിലെത്തിക്കുകയെന്ന കടമയുണ്ട്. യുവാക്കൾക്കിടയിലും കുട്ടികൾക്കിടയിലും ഇന്ന് ഇന്റർനെറ്റ്-ടിവി മാധ്യമങ്ങൾ ഏറെ സ്വാധീനം ചെലുത്തുന്നുണ്ട്. അക്രമവും അരാജകത്വവും ഇവർക്കിടയിൽ പടർന്നുകയറാൻ ഇത്തരത്തിലുള്ള മാധ്യമങ്ങൾ കാരണമാകുന്നുണ്ട്. ഇതിനെതിരേ ഫലപ്രദമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. കൃത്യമായ ഒരു മാധ്യമ അവബോധവും പോസിറ്റീവ് തിങ്കിംഗ് കാഴ്ചപ്പാടും ഉണ്ടാക്കിയെടുക്കേണ്ടത് അത്യാവശ്യമാണെന്നും ക്രൈസ്തവ മാധ്യമങ്ങൾക്ക് അതിനുള്ള ബാധ്യത ഉണ്ടെന്നും ആർച്ച് ബിഷപ് കൂട്ടിച്ചേർത്തു. സിഗ്നിസ് ഏഷ്യയുടെ പ്രസിഡന്റ് ലോറൻസ് ജോൺ വിശിഷ്ടാതിഥിയായിരുന്നു. സത്യദീപം (ഇംഗ്ലീഷ്) ചീഫ് എഡിറ്ററും സീറോ മലബാർ സഭയുടെ ഔദ്യോഗിക വക്താവുമായ റവ.ഡോ.പോൾ തേലക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ.സ്റ്റീഫൻ ആലത്തറ, ഫാ.ദേവസി കൊല്ലംകുടി, സിബി യോഗ്യാവീടൻ, ലോറൻസ് ജോൺ, ഡോ.ജോണി പോൾ, ഫാ.റപ്പായി എന്നിവർ പ്രസംഗിച്ചു. കേരള സർക്കാർ രണ്ടാമത്തെ ഏറ്റവും നല്ല ടെലിവിഷൻ പരമ്പരയായി തെരഞ്ഞെടുത്ത അൽഫോൻസാമ്മയുടെ സംവിധായകനും ശാലോം ടിവി ചീഫ് പ്രൊഡ്യൂസറുമായ സിബി യോഗ്യവീടന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് സിഗ്നിസ് മീഡിയ അവാർഡ് സമ്മാനിച്ചു. സെമിനാറിൽ ബിജു ആലപ്പാട്ട്, ജാൻ മേരി വർഗീസ്, ഡോ.സി.കെ തോമസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പാനൽ ചർച്ചകളിൽ റോമി മാത്യു, ടി.എം ഏബ്രഹാം, ഇഗ്നേഷ്യസ് ഗോൺസാൽവസ്, പീറ്റർ ജോസഫ് എന്നിവർ പങ്കെടുത്തു.

## വിദ്യാഭ്യാസമേഖല കൈക്കലാക്കാൻ സർക്കാർ ശ്രമിക്കുന്നു: മാർ ജോസഫ് പവ്വത്തിൽ

പ്രൊഫഷണൽ സ്വാശ്രയ കോളജുകളിൽ സർക്കാർ ഇടപെടാൻ ശ്രമിക്കുന്നത് എല്ലാം സർക്കാരിന്റെ അധീനതയിലാക്കാനാണെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. എടത്വാ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിന്റെ 37-ാം വാർഷികവും യാത്രയയപ്പു സമ്മേളനവും ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായ മനുഷ്യത്വപൂർണത കൈവരിക്കാൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സാധിക്കേണ്ടതാണെന്നും അതിനുതകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്നും മാർ പവ്വത്തിൽ പറഞ്ഞു. സ്കൂൾ മാനേജർ ഫാ. കുര്യൻ പുത്തൻപുര അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു നടമുഖം മുഖ്യാതിഥിയായിരുന്നു. കുട്ടനാട് ഡിഇഒ പി.എം റോസമ്മ, തലവടി എഇഒ വി. അശോകൻ, തലവടി ബിപിഒ രമ, റോസക്കുട്ടി തോമസ്, പിടിഎ പ്രസിഡന്റ് ജയിംസ് പി.ജെ, സിബിച്ചൻ, ഹരിത എസ, അനുപമ ആർ. എന്നിവർ പ്രസംഗിച്ചു. ഹെഡ്മിസ്ട്രസ് സി.

ട്രീസാ മാത്യു എസ്.എച്ച് സ്വാഗതം പറഞ്ഞു. സർവീസിൽ നിന്നും വിരമിക്കുന്ന പി.വി മറിയക്കുട്ടിക്ക് യാത്രയയപ്പും സംസ്ഥാനതല മത്സരങ്ങളിൽ വിജയികളായ ആർ. അനുപമയ്ക്കും, ആര്യാ കൃഷ്ണനും, ചിന്നു ജോസഫ്, മിന്നു മേരി ചാക്കോ എന്നിവർക്ക് പുരസ്ക്കാരങ്ങളും നൽകുകയും ചെയ്തു. ടിൻജു ജോസഫിനെ ക്യൂൻ ഓഫ് സെന്റ് മേരി സ്ഥാനം നൽകി ആദരിച്ചു.

## മതാചാരങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ശ്രമം മതങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള നീക്കം: ആർച്ച് ബിഷപ്പ് സൂസപാക്യം

സെക്കുലറിസം എന്ന് പേരിട്ട് മതാചാരങ്ങളെ ഇല്ലാതാക്കുന്നതിനുള്ള ശ്രമം മതങ്ങളെ ഇല്ലാതാക്കുന്നതിനുള്ള നീക്കമാണെന്ന് ആർച്ച് ബിഷപ്പ് സൂസപാക്യം മുന്നറിയിപ്പു നൽകി. തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ സന്യസ്ത ദിനത്തോടനുബന്ധിച്ച് വെള്ളയമ്പലം പള്ളിയിൽ അർപ്പിച്ച സമൂഹബലിക്കു മധ്യേ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അതിരൂപതയിലെ വൈദികർ സഹകാർമ്മികരായി. മതത്തിൽ നിന്നും ആചാരാനുഷ്ഠാനങ്ങളെ മാറ്റുമ്പോൾ അതു ലൗകികമാവും (സെക്കുലർ). ഇന്ന് മതത്തെ ലൗകികവത്കരിക്കുന്നതിനുള്ള പ്രവണത ശക്തമാവുന്നുണ്ട്. ലൗകികമായ മതം മനുഷ്യനെ ദൈവവുമായി അടുപ്പിക്കുന്ന കണ്ണിയാവില്ല. നീതിയും സ്നേഹവും ഇല്ലാതാകുമ്പോൾ ആചാരങ്ങൾ പൊള്ളയാവും. ആചാരാനുഷ്ഠാനങ്ങൾ ഇല്ലാതാകുമ്പോൾ മതം തന്നെ ഇല്ലാതാകുന്നു. ഭൗതിക മണ്ഡലത്തിൽ നിന്ന്, ദൈവത്തെ അനുഭവിച്ചറിയുന്ന ദൈവിക മണ്ഡലത്തിലേക്ക് കടന്നുവരാൻ നമ്മെ സഹായിക്കുന്ന ഉപാധികളാണ് മതപരമായ ആചാരാനുഷ്ഠാനങ്ങൾ. തങ്ങളുടെ മതത്തിലും ദേവാലയത്തിലും നഷ്ടപ്പെട്ട ദൈവാനുഭവം തേടിയാണ് പാശ്ചാത്യനാടുകളിലെ മനുഷ്യർ ആചാരാനുഷ്ഠാനങ്ങൾക്കു പ്രധാന്യം നല്കുന്ന പൗരസ്ത്യ നാടുകളിലേക്കു പ്രവഹിക്കുന്നതെന്ന് ആർച്ച് ബിഷപ്പ് അനുസ്മരിപ്പിച്ചു. മതപരമായ ആചാരങ്ങൾക്കുള്ള പ്രാധാന്യം നിലനിൽക്കുന്ന ലൂർദ്, തെയ്സെ തുടങ്ങിയ സ്ഥലങ്ങളിലേക്കു ഇപ്പോഴും വൻ തീർത്ഥാടക പ്രവാഹമുണ്ട്.

## സ്ത്രീകൾ രാഷ്ട്രീയ ശാക്തീകരണം നേടണം: ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ

ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തിയ ഗവൺമെന്റ് തീരുമാനത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് വനിതകൾ രാഷ്ട്രീയ ശാക്തീകരണം നേടിയെടുക്കണമെന്ന് ആലപ്പുഴ ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ. കൗൺസിൽ ഓഫ് കാത്തലിക് വിമൻ ഓഫ് ഇന്ത്യ (സിസിഡബ്ല്യുഐ) കേരള റീജിയന്റെ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന പ്രസിഡന്റ് ജെയിൻ ആൻസിൽ ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. സിസ്റ്റർ ഡെയ്സി ആന്റണി, ഫാ. ബേർളി, ഡെയ്സി ഹാരി, ആഗ്നസ്, ബേബി തൈയിൽ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികളായി റോസ് മേരി കളളിയത്ത് - പ്രസിഡന്റ്, സിങ്കമ്മ കള്ളിയത്ത് - ജനറൽ സെക്രട്ടറി, ആഗ്നസ് ഷാഗി - വൈസ് പ്രസിഡന്റ്, റോസി ജോൺ- ട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു.

## പൈതൃക സംരക്ഷണ ബോധമുള്ള തലമുറകൾ ഉണ്ടാകണം: മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ

സാമ്പത്തിക താൽപര്യങ്ങൾക്കും വൈജ്ഞാനിക താൽപര്യങ്ങൾക്കുമുപരിയായി മനുഷ്യമനസിന്റെ ചൈതന്യം തിരിച്ചറിയാൻ കഴിയുന്ന വിദ്യാഭ്യാസ പദ്ധതിക്കാണ് പ്രാമുഖ്യം കൊടുക്കേണ്ടതെന്ന് തിരുവനന്തപുരം മേജർ അതിരൂപതാ ബിഷപ് മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ. അഞ്ചൽ സെന്റ് ജോൺസ് സ്കൂളിന്റെ സിൽവർ ജൂബിലി സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അഞ്ചലിന്റെ വിദ്യാഭ്യാസരംഗത്ത് നിസ്തുലമായ സംഭാവന നൽകാൻ സെന്റ് ജോൺസ് സ്കൂളിന് കഴിഞ്ഞിട്ടുണ്ടെന്ന് കാതോലിക്കാ ബാവ പറഞ്ഞു. ഡോ.ജസ്റ്റീസ് കെ നാരായണക്കുറുപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു. നമുക്കു ചുറ്റും നടക്കുന്ന സാമൂഹിക വിഷയങ്ങൾ തിരിച്ചറിയാൻ കഴിയാത്ത വിദ്യാഭ്യാസം സങ്കുചിത ചിന്തകരായ വിദ്യാർഥികളെ വളർത്തുന്നതിനു മാത്രമേ സഹായിക്കുകയുള്ളൂവെന്ന്

അദ്ദേഹം പറഞ്ഞു. ചടങ്ങിൽ അഡ്വ.കെ രാജു എംഎൽഎ, പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.സൂരജ്, വൈസ് പ്രസിഡന്റ് വി.വൈ വർഗീസ്, അഞ്ചൽ സെന്റ് ജോൺസ് കോളജ് പ്രിൻസിപ്പൽ ജോർജ് ടി ജോൺ, സെന്റ് ജോസഫ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ സിസ്റ്റർ ലില്ലി തോമസ്, ജൂബിലി കമ്മിറ്റി വൈസ് ചെയർമാൻ കെ.വി തോമസ്കുട്ടി എന്നിവർ പ്രസംഗിച്ചു. സ്കൂൾ പ്രിൻസിപ്പൽ കെ.എം മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. സ്കൂൾ മാനേജർ ഫാ. സാമുവൽ പുന്നൂർ സ്വാഗതവും ജൂബിലി കമ്മിറ്റി കൺവീനർ അജി മാത്യു നന്ദിയും പറഞ്ഞു. തുടർന്ന് മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ മാജിക് ഷോയും നടന്നു.

## നിയമനം: സർക്കാർ നിബന്ധനകൾക്കെതിരേ എയ്ഡഡ് സ്കൂൾ മാനേജർമാർ പ്രക്ഷോഭത്തിന്

സ്കൂളുകളിലെ അധിക ഡിവിഷൻ നിയമനങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിലെ ചില നിബന്ധനകൾക്കെതിരേ എയ്ഡഡ് സ്കൂൾ മാനേജർമാർ പ്രക്ഷോഭം നടത്തുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. മാനേജ്മെന്റുകളുടെ നിയമനാധികാരത്തിൽ കൈകടത്താനുള്ള സർക്കാർനീക്കത്തിന്റെ ഭാഗമാണ് ഉത്തരവിലെ അഞ്ചും ആറും നിബന്ധനകൾ. ഇത് അംഗീകരിക്കാൻ തയാറല്ല. 2006-07 മുതൽ സ്കൂളുകളിൽ നിയമിതരായവർക്ക് തുല്യമായ എണ്ണം സംരക്ഷിത അധ്യാപക, അനധ്യാപക ജീവനക്കാരെ അടുത്ത അധ്യയനവർഷം മുതൽ വരുന്ന ഒഴിവുകളിൽ നിയമിക്കണമെന്നും ഇക്കാര്യം സമ്മതിച്ചുകൊണ്ട് നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം സ്കൂൾ മാനേജർമാർ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കണമെന്നുമാണ് ഒരു നിബന്ധന. ഭാവിയിൽ അധികഡിവിഷൻ ഉണ്ടാകുന്ന മുറയ്ക്ക് എല്ലാ എയ്ഡഡ് സ്കൂളുകളിലും 1:1 എന്ന ക്രമത്തിൽ സംരക്ഷിത അധ്യാപകൻ, പുതിയതായി നിയമിതനാകുന്ന അധ്യാപകൻ എന്ന മുറയ്ക്കേ നിയമനം പാടുള്ളുവെന്നതാണ് അടുത്ത നിബന്ധന. കെഇആറിനു വിരുദ്ധമായ നിബന്ധനകളെ നിയമപരമായും നേരിടുമെന്ന് ഭാരവാഹികൾ പറഞ്ഞു.

## ജൈവ കൃഷിരീതി കാലഘട്ടത്തിന്റെ ആവശ്യം: മാർ മാത്യു അറയ്ക്കൽ

ഭക്ഷ്യ സുരക്ഷയും സുരക്ഷിത ഭക്ഷണവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുവാൻ ജൈവകൃഷി രീതി അനിവാര്യമാണെന്ന് ബിഷപ് മാർ മാത്യു അറയ്ക്കൽ. ചാമംപതാലിലെ സമഗ്ര ഗ്രാമ വികസന പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മാർ മാത്യു അറയ്ക്കൽ. ജൈവ കർഷക സംഘം പ്രസിഡന്റ് ജോസ് ഇമ്മാനുവേൽ അധ്യക്ഷതവഹിച്ചു. ജൈവ കർഷക ക്ലബ്ബുകളുടെ ഉദ്ഘാടനം നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ സി.ജി മേനോൻ നിർവഹിച്ചു. ഫാ. മാത്യു വടക്കേമുറി മുഖ്യ പ്രഭാഷണം നടത്തി. പ്രസാദ് മറ്റത്തിൽ, ഗരുഡ ധ്വജാനന്ദ തീർഥപാദസ്വാമികൾ, ഹാജി വി.എ പരീത് റാവുത്തർ, ഫാ. ജോസ് മാത്യു പറപ്പള്ളിൽ, കെ.വി ശ്രീകുമാർ, തുടങ്ങിയവർ പ്രസംഗിച്ചു. നബാർഡ് ജില്ലാ അസിസ്റ്റന്റ് ജനറൽ മാനേജർ എ.എസ് സുബ്രഹ്മണ്യൻ നമ്പൂതിരി പ്രവർത്തന മാർഗ നിർദേശങ്ങൾ നൽകി.

*എല്ലാ ദളിതർക്കും തുല്യസാമൂഹ്യനീതി ലഭ്യമാക്കുവാൻ രംഗനാഥകമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പിലാക്കണമെന്ന് കെ.സി.ബി.സി ജാഗ്രത കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലിറോമൻ ആവശ്യപ്പെട്ടു.*

*ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് ന്യൂനപക്ഷങ്ങളുടെ വിദ്യാലയങ്ങളിലെ അധ്യാപകനിയമനത്തിൽ കൈകടത്താനുള്ള വിദ്യാഭ്യാസവകുപ്പിന്റെ നീക്കം അംഗീകരിക്കാനാവില്ലെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ പൗവ്വത്തിൽ പ്രസ്താവിച്ചു.*

JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil MST, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA